**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5706        27/10/2011-ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ. ഷിബുബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ. ആശുപത്രികളെയും ഡിസ്പെൻസറികളെയും നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; | (എ) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 10 ഇ.എസ്.ഐ സ്ഥാപനങ്ങളുടെ നവീകരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 20 കിടക്കകളുള്ള ഒരു ആയുർവേദ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ ഡയമണ്ട് ജൂബിലിയുടെ ഭാഗമായി എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികൾക്കും അവിടത്തെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന 32 ഇനം ഉപകരണങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശോച്യാവസ്ഥയിലുള്ള ആശുപത്രി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഇപ്പോഴുള്ള ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അവസ്ഥ ഇ.എസ്.ഐ. മെഡിക്കൽ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്ന തൊഴിലാളികളുടെ താൽപര്യത്തിന് ഉതകുന്നതാണോ ; | (ബി) അതെ |
| (സി) അല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ